# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4215** — **24/6/2019**-ലെ മറുപടി

## വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനഃനാമകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ തസ്തികയുടെ പേര് ജി.ഓ (എം.എസ്) 33/2014/ജിഎഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുനഃനാമകരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 10/2/2014-ലെ ജി.ഓ (എം.എസ്) 33/2014/ജിഎഡി നമ്പർ ഉത്തരവ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി ഉടങ്ങിയ സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനഃനാമകരണവുമായി ബന്ധപ്പെട്ടതാണ്. |
| (ബി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന കാര്യാലയങ്ങളിൽ കേരള വാട്ടർ അതോറിറ്റി ഉൾപ്പെടുന്നില്ലേയെന്ന് വ്യക്തമാക്കാമോ; | (ബി) ഉൾപ്പെടുന്നില്ല. |
| (സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;<br>(ഡി) കേരളാ വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് വിഭാഗത്തിലുള്ള ജീവനക്കാരെ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം പുനഃനാമകരണം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ യെന്നറിയിക്കാമോ? | (സി) & (ഡി) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളെ യഥാക്രമം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-I, കമ്പ്യൂട്ടർ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്), കമ്പ്യൂട്ടർ അസിസ്റ്റന്റ് (സെലക്ഷൻഗ്രേഡ്)എന്നിങ്ങനെ പുനഃനാമകരണം ചെയ്യണമെന്ന ആവശ്യം വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗം അംഗീകരിക്കുകയും തുടർന്ന് മാനേജിംഗ് ഡയറക്ടറുടെ 28/3/2019-ലെ നടപടിക്രമം പ്രകാരം, സർക്കാർ തീരുമാനത്തിന് വിധേയമായി മാത്രമേ തുടർനടപടികൾക്കായി പരിഗണിക്കപ്പെടുകയുള്ളൂ എന്ന വ്യവസ്ഥയിൽ ടി പുനർനാമകരണം |

ഉത്തരവാകുകയും ചെയ്തു. ആയത് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ